പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1576 — 31-01-2018-ലെ മറുപടിയ്ക്ക്

**കാർഷികമേഖലയുടെ ഉന്നമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**,, പി.ടി. തോമസ്**<br>**,, വി.പി.സജീന്ദ്രൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കർഷക ആത്മഹത്യ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18/01/2007-നു മുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു.<br><br>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കി വരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരതുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) കാർഷിക മേഖല നേരിടുന്ന അതീവ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ നടപടികൾ പര്യാപ്തമാണോ; | (ബി) അതെ. |

| | |
|---|---|
| (സി) സംസ്ഥാനത്ത് കർഷക ക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) കർഷക ക്ഷേമ ബോർഡ് നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. |
| (ഡി) ഓഖി ചുഴലിക്കൊടുങ്കാറ്റ് കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; | (ഡി സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റ് മൂലം കാർഷിക മേഖലയിൽ വളരെയധികം കൃഷിനാശം ഉണ്ടായി. 14.07 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായിട്ടാണ് പ്രഥമ വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, പച്ചക്കറി, കുരുമുളക്, റബ്ബർ തുടങ്ങിയ വിളകൾക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ഇതിനു പുറമെ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ തീരപ്രദേശത്തിനകത്തേക്ക് വ്യാപകമായി കടൽ വെള്ളം കയറിയതിനെ തുടർന്ന് കാർഷിക വിളകൾക്ക് ദൂരവ്യാപകമായ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) ഓഖി ദുരന്തത്തിൽ കൃഷി നാശം ഉണ്ടായവരെ സഹായിക്കാനായി 10.75 കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാർഷിക വിളകൾ ഇൻഷ്വർ ചെയ്ത കർഷകരിൽ ഓഖി ചുഴലിക്കാറ്റ് മൂലം കൃഷി നാശം സംഭവിച്ചവർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ